ഖാദിമേഖല നേരിടുന്ന പ്രതിസന്ധി

*9 [282] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഖാദി മേഖലയെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഖാദി മേഖല നേരിടുന്ന ഇപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം വെളിപ്പെടുത്താമോ;

(സി) കേന്ദ്ര ഖാദി കമ്മീഷനിൽ നിന്ന് റിബേറ്റ് ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഖാദി ഗ്രാമവ്യവസായ മേഖലയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന ആളുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) സംസ്ഥാന സർക്കാർ ഖാദി ചില്ലറ വില്പനയ്ക്ക് വർഷം തോറും 10 ശതമാനം റിബേറ്റ് അനുവദിച്ചുവരുന്നുണ്ട്. സംസ്ഥാന പദ്ധതിപ്രകാരം ഖാദിഗ്രാമ വ്യവസായങ്ങൾക്ക് തുക വകയിരുത്തുന്നുണ്ട്. 1-4-2004 മുതൽ 25 ലക്ഷം രൂപ വരെ വാർഷിക വിൽപ്പനയുള്ള ഖാദിഗ്രാമവ്യവസായ യൂണിറ്റുകളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ഖാദി നൂൽപ്പിനാവശ്യമായ സ്പിന്നിംഗ്/റോവിങ്സ് കുറ്റൂർ സ്പിന്നിംഗ് പ്രോജക്ടിൽ നിന്നും കടമായി നൽകി വരുന്നു. മെച്ചപ്പെട്ട വിപണനം ലക്ഷ്യമാക്കി സംസ്ഥാന ജില്ലാതലങ്ങളിൽ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) ഖാദി കമ്മീഷനിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന പലിശ രഹിത വായ്പ നിർത്തലാക്കിയത്, നിലവിലുള്ള പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, റിബേറ്റ് കുടിശ്ശിക, നൂലിന്റെയും തുണിയുടെയും സ്റ്റോക്ക് കെട്ടിക്കിടക്കൽ, കാലപ്പഴക്കമുള്ള ഉപകരണങ്ങൾ മാറ്റി സ്ഥാപിയ്ക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ട്, ഖാദിമേഖലയിലെ കുറഞ്ഞ കൂലി, 1-4-2004 മുതൽ കേന്ദ്രസർക്കാർ റിബേറ്റ് നിർത്തലാക്കി മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് നടപ്പിൽ വരുത്തിയ നടപടി എന്നിവയാണ് കാരണങ്ങൾ.

(സി) ഖാദി കമ്മീഷനിൽ നിന്നും 31-3-2004 വരെ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. അതിനുശേഷം റിബേറ്റിനുപകരം മാർക്കറ്റ് ഡവലപ്പ്മെന്റ് അസിസ്റ്റൻസ് നടപ്പിലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ സംരക്ഷണത്തിനായി സർക്കാർ സഹായത്തോടെ ഖാദിബോർഡും ഖാദി കമ്മീഷനും ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡുംവഴി പലവിധ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം

*10 [283] ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. തോമസ് ഐസക്:
ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണനിലവാര പരിശോധനയ്ക്ക് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമൂലം ഗുണനിലവാരം കുറഞ്ഞതും നിരോധിക്കപ്പെട്ടതും ബ്ലോക്ക് ലിസ്റ്റിൽപ്പെടുത്തിയതുമായ ധാരാളം മരുന്നുകൾ വിപണിയിൽ വിറ്റ് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് ഒഴിവാക്കാൻ മരുന്നുകളുടെ പരിശോധന യഥാസമയം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റ് അനുസരിച്ച് ഔഷധ നിർമ്മാതാക്കൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നതിനുമുമ്പ് ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് നിയമമുണ്ട്. ആയതിനാൽ മാർക്കറ്റിൽ നിന്നും റാൻഡം സാമ്പിളുകൾ മാത്രമാണ് പരിശോധിക്കുന്നത്. സംസ്ഥാനത്ത് സർക്കാർ ഉടമയിൽ തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. വാക്സിൻ, സിറനുല്, കാറ്റ്ഗറ്റ് തുടങ്ങിയ ഇനം മരുന്നുകൾ പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനമില്ലാത്തതിനാൽ അത്തരം ഔഷധങ്ങൾ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി, കസൗളി, കൽക്കത്ത എന്നിവിടങ്ങളിൽ നിന്നും പരിശോധിപ്പിക്കുന്നുണ്ട്.

(ബി) റാൻഡം സാമ്പിളുകൾ ടെസ്റ്റ് ചെയ്യാൻ 3 മുതൽ 6 മാസം വരെ സമയം എടുക്കുന്നുണ്ട്. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ ഒട്ടും കാലവിളംബം വരുത്താതെ പരിശോധന നടത്താൻ സംവിധാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly